**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 126** **30-06-2026-ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ജി. ആർ. അനിൽ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. കെ. രാജൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ

(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

**മറുപടി:** പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 10 വർഷങ്ങളിൽ സംസ്ഥാന സർക്കാർ വിഹിതമായി ആകെ 935.48 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആണ് ക്ഷീരമേഖലയിൽ നടപ്പിലാക്കി.

ഈ കാലയളവിൽ ക്ഷീരവികസന വകുപ്പ് പദ്ധതികളിലൂടെ ഏകദേശം 49341 കറവപശുക്കളേയും 11383 കിടാരികളേയും സംസ്ഥാനത്ത് പുതുതായി എത്തിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 10,000 ഹെക്ടറിൽ അധികം സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

ഇതിനു പുറമേ 2024-25 വർഷം ഏറ്റവും ഉയർന്ന പദ്ധതി വിഹിതമായ 143 കോടി രൂപയിലധികം ചെലവഴിച്ചുകൊണ്ടാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷീരമേഖലയിലെ പദ്ധതികൾ നടപ്പിലാക്കി.

**(ബി)** പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനടുത്തെത്തുകയും ഉല്പാദനം വില്പനയെ അധികരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** പദ്ധതിയുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിനായി ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി "ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ" " എന്ന പദ്ധതിയിലെ "മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ജൈവ ഇൻപുട്ടുകളുടെയും നിർമ്മാണത്തിനും വിപണനത്തിനുമായി ധനസഹായം" എന്ന പദ്ധതി ഘടകത്തിൽ ബയോ ഇൻപുട്ടുകളുടെയും (ചാണകം, ഗോമൂത്രം, തുടങ്ങിയവ) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനും വിപണനത്തിനുമുള്ള JLG/SHG ഗ്രൂപ്പുകൾക്കുള്ള ധനസഹായ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലൂടെയും വിതരണത്തിലൂടെയും വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായി ഒട്ടനവധി പുതിയ ഉൽപ്പന്നങ്ങൾ റീ-പൊസിഷനിംഗ് മിൽമ' എന്ന ദീർഘകാല പദ്ധതിയുടെ ഭാഗമായി വിപണിയിലെത്തിക്കുവാൻ മിൽമയ്ക്കു കഴിഞ്ഞു. നിലവിൽ നെയ്യ്, തൈര്, സംഭാരം, യോഗർട്ട്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം പേഡകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ ഒരു ശ്രേണി തന്നെ മിൽമയ്ക്കുണ്ട്.

**(സി)** കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിലയിരുത്തിയിട്ടുണ്ട്. യുവസംരംഭകരെ ക്ഷിരോൽപ്പാദന മേഖലയിലേക്ക് ആകർഷിക്കുവാൻ വേണ്ടി മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതിയായ ക്ഷീരയുവ - സ്മാർട്ട് ഡെയറി ഫാം യൂണിറ്റ് എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നുണ്ട്. 10 പശുക്കളും ആധുനിക രീതിയിലുള്ള തൊഴുത്തും ഉൾപ്പെടുന്ന പദ്ധതിയാണ് ക്ഷീര യുവ -സ്മാർട്ട് ഡെയറി യൂണിറ്റ്.

ഇതിനു പുറമേ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന ഗുണഭോക്തൃ പദ്ധതികളിൽ എല്ലാം തന്നെ 40 വയസ്സിന് താഴെയുള്ളവർക്ക് പ്രത്യേക പരിഗണനയും നൽകി വരുന്നുണ്ട്.

യുവതലമുറയെ ക്ഷീരോൽപാദന മേഖലയിലേക്ക് ആകർഷിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2025-26സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തുകയും മൃഗസംരക്ഷണ വകുപ്പിൽ സംരംഭകത്വം വികസന സെല്ലുകൾ (entrepreneurship development cell- EDC) എല്ലാ ജില്ലകളിലും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**(ഡി)** ഉൽപാദനക്ഷമതയും മെച്ചപ്പെട്ട പ്രതിരോധശേഷിയുമുള്ള കന്നുകാലി സമ്പത്ത് നിലനിർത്തുന്നതിന് നടപ്പിലാക്കി വന്ന പ്രവർത്തനങ്ങൾ തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉൽപാദനക്ഷമതയും മെച്ചപ്പെട്ട രോഗപ്രതിരോധശേഷിയുമുള്ള കന്നുകാലി സമ്പത്ത് നിലനിർത്തുന്നതിന് നടപ്പിലാക്കി വന്ന എല്ലാ പ്രധാന പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജസ്വലതയോടെ തുടർന്നു നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിനായി ജനിതക മെച്ചപ്പെടുത്തൽ, കർശനമായ രോഗനിയന്ത്രണം, തീറ്റസുരക്ഷ, സാമ്പത്തിക പിന്തുണ എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**